"ഭരണഭാഷ-മാതൃഭാഷ"

നം. 762/പി/2023/ഡിഎംഇ(1)

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം
ആരോഗ്യ ഭവൻ, എം.ജി റോഡ്
തിരുവനന്തപുരം
ഫോൺ നം.0471-2339307
ഇമെയിൽ-director.ame@kerala.gov.in

തീയതി:06-11-2024

## അറിയിപ്പ്

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ കോഴിക്കോട് മർക്കസ് യുനാനി മെഡിക്കൽ കോളേജിൽ (സ്വാശ്രയ കോളേജ്) വച്ച് ഈ വർഷം (2024-25) നടത്തുന്ന ഒരു വർഷം ദൈർഘ്യമുള്ള സർക്കാർ അംഗീകൃത യുനാനി പാരാമെഡിക്കൽ കോഴ്സായ റെജിമെന്റൽ തെറാപ്പി കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാ ഫോറവും, വിശദവിവരങ്ങൾ അടങ്ങിയ പ്രോസ്പെക്ടസും www.gactvm.kerala.gov.in/ www.gack.kerala.gov.in/ www.ayurvedacollege.ac.in/ www.markazunanimedical college.org എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്. അപേക്ഷാ ഫോറം വെബ്സൈറ്റിൽ നിന്നും ഡൌൺലോഡ് ചെയ്തു പ്രിൻറ്-ഔട്ട് എടുത്തു ഉപയോഗിക്കേണ്ടതാണ്. അപേക്ഷാ ഫീസ് ജനറൽ വിഭാഗത്തിനു 300/- രൂപയും എസ്.സി/എസ്.റ്റി വിഭാഗത്തിനു 200 രൂപയുമാണ്. അപേക്ഷാ ഫീസ് ഏതെങ്കിലും സർക്കാർ ട്രഷറിയിൽ "0210-03-101-98- Other receipts" എന്ന ശീർഷകത്തിൽ ഒടുക്കി, ആയതിന്റെ ചെലാൻ അസ്സൽ (ഒറിജിനൽ) അപേക്ഷാ ഫോറത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്. എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യ കോഴ്സാണ് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അടിസ്ഥാന യോഗ്യത. അപേക്ഷ സമർപ്പിക്കുന്നവരിൽ സംവരണ ആനുകൂല്യത്തിനു അർഹതയുള്ളവർ (SC/ST ഒഴികെ) ജാതി/നോൺ-ക്രീമിലെയർ/നേറ്റിവിറ്റി/EWS എന്നീ സർട്ടിഫിക്കറ്റുകൾ വില്ലേജ് ഓഫീസിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. SC/ST വിഭാഗത്തിൽപ്പെട്ടവർ ജാതി/വരുമാന/നേറ്റിവിറ്റി സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട റവന്യു അധികാരിയിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷാ ഫോമുകൾ ആവശ്യമായ രേഖകളുടെ പകർപ്പുകൾ സഹിതം ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

ഡയറക്ടറുടെ കാര്യാലയം, ആരോഗ്യഭവൻ, എം.ജി റോഡ്, തിരുവനന്തപുരം – **695 001** എന്ന മേൽവിലാസത്തിൽ **20.11.2024** ന് വൈകിട്ട് **5** മണി വരെ സ്വീകരിക്കുന്നതാണ്. വൈകി ലഭിക്കുന്നതും അപൂർണ്ണവുമായ അപേക്ഷകൾ യാതൊരു അറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

Signed by
T D Sreekumar
Date: 06-11-2024 15:13:32

T D SREEKUMAR
ഡയറക്ടർ

പകർപ്പ് :

നോട്ടീസ് ബോർഡ്

സർക്കാർ ആയുർവേദ കോളേജ്
തിരുവനന്തപുരം/തൃപ്പൂണിത്തുറ/കണ്ണൂർ
(വെബ്സൈറ്റിൽ നൽകുന്നതിനു)

ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്
തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)